അധ്യായം 104

# അൽ ഹുമസ

അവതരണം മക്കയിൽ, വചനങ്ങൾ 9

---

**അധ്യായ പരിചയം:**

പ്രവാചകൻ മുഹമ്മദ്(സ)യുടെ മക്കാജീവിതത്തിൻെറ ആദ്യകാലത്ത് അവതരിച്ച അധ്യായമാണിത്. ധനക്കൊതി വെച്ചുപുലർത്തുകയും ജനത്തോട് അവഹേളന യോടെ പെരുമാറുകയും ചെയ്യുന്നവർത്തുന്നവർക്കുണ്ടാകുന്ന പരലോക പരിണ തിയെപ്പറ്റി സൂചന നല്കുന്നതോടൊപ്പം അത്തരം സ്വഭാവം സത്യവിശ്വാസികളുടെ ജീവിതത്തിൽ ഉണ്ടാകരുതെന്ന മുന്നറിയിപ്പും കൂടി ഈ സൂക്തം നല്കുന്നു.

മക്കയിലെ ബഹുദൈവവിശ്വാസിയായിരുന്ന അഖ്നസുബ് ശരീകിനെ സംബ ന്ധിച്ചാണ് ഈ സൂക്തം അവതരിച്ചത്. തികച്ചും ധനപൂജകനായ അയാൾ മറ്റുള്ള വരെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള സ്വഭാവവും സമീപനവുമായിരുന്നു വെച്ചുപുലർത്തിയിരുന്നത്. ഇത്തരം സമീപനം സമൂഹത്തിലെ അധഃസ്ഥിതരെ ഏറെ ഇകഴ്ത്തുന്നതാണ്.

അത്തരക്കാരുടെ പാരത്രികപരിണതി വളരെ വേദനാജനകമായിരിക്കുമെന്ന് ഖുർആൻ താക്കീത് ചെയ്യുന്നു. അതോടൊപ്പം സത്യവിശ്വാസികൾ അത്തരം സ്വഭാ വങ്ങളിൽ നിന്ന് മുക്തരാകണമെന്നും അധ്യായം ഉണർത്തുന്നു.

ധനക്കൊതിയാണ് മിക്ക തിന്മകൾക്കും മനുഷ്യനെ പ്രേരിപ്പിക്കുന്നത്. ധനമാണ് ജീവിതത്തിൻെറ ആകത്തുകയും ലക്ഷ്യവുമെന്ന കാഴ്ചപ്പാടാണ് പലർക്കും ഉള്ളത്. അതിനുവേണ്ടി മനുഷ്യബന്ധങ്ങളും ദൈവത്തോടുള്ള ബാധ്യതകളും ത്യജിക്കുവാൻ അവന് പ്രയാസമില്ല. സ്വത്ത് അവൻെറ സർവസ്വവും അവനെ മരണത്തിൽനിന്ന് തടയുന്നതുമാണെന്നുമുള്ള ധാരണയാണ് അത്തരക്കാരുടെ ജീവിതശൈലിയും പ്രവ ർത്തനവും കണ്ടാൽ മനസ്സിലാവുക. എന്നാൽ സ്വത്തിൻെറ ഉടമയായ ഏകദൈവം മനുഷ്യരോട് പറയുന്നു: ധനത്തിനോട് അതിന് നിർണയിച്ച രീതിയിലും സ്വഭാവത്തി ലുമല്ലാതെ പെരുമാറുന്നത് ഏറെ ശിക്ഷാർഹമായ കാര്യമാണ്.

ധനത്തിൻെറ ഉടമ ഏകദൈവമാണെന്നും തൻെറ ജീവിതത്തിൻെറ നിലനില്പി നായി അവൻ തന്ന വിഭവങ്ങളാണ് തൻെറ കൈവശമുള്ള സ്വത്തെന്നും അതിൽ മറ്റുള്ളവർക്കും അവകാശമുണ്ടെന്നും ധനം പരമാവധി വാരിക്കൂട്ടലല്ല ജീവിതത്തി ൻെറ ലക്ഷ്യമെന്നും മനസ്സിലാക്കി ജീവിക്കലാണ് ഓരോരുത്തരുടെയും ബാധ്യത.

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

**വൈലുൻ** وَيْلٌ

നാശം

**ലികുല്ലി** لِّكُلِّ

*എല്ലാവർക്കും*

**ഹുമസത്തില്ലുമസ** هُمَزَةٍ لُّمَزَةٍ

*കുത്തിപ്പറയുന്നവരും അവഹേളിക്കു ന്നവരുമായ*

**അല്ലദീ** الَّذِي

എങ്ങയെയുള്ള

ജമഅ جَمَعَ

*ശേഖരിക്കുന്നവരായ*

മാലൻ مَالًا

ധനം

വഅദ്ദദഹു وَعَدَّدَهُ

അത് എണ്ണിക്കണക്കാക്കുന്നവരുമായ

യഹ്സബു يَحْسَبُ

അവൻ കരുതുന്നു

അന്ന മാലഹു أَنَّ مَالَهُ

അവൻെറ ധനം

അഖ്ലദഹു أَخْلَدَهُ

അവന് ശാശ്വത ജീവിതം നല്കിയിരിക്കുന്നു
വെന്ന്

കല്ലാ كَلَّا

നിസ്സംശയം

ലയുമ്പദന്ന لَيُنبَذَنَّ

അവൻ വലിച്ചെറിയപ്പെടുക തന്നെ ചെയ്യും

ഫിൽ ഹുത്വമ فِي الْحُطَمَةِ

ഹുത്വമയിൽ

വമാ അദ്റാക وَمَآ أَدْرَاكَ

നിനക്കെന്തെറിയാം?

മൽ ഹുത്വമ مَا الْحُطَمَةُ

ഹുത്വമ എന്താണെന്ന്

നാറുല്ലാഹി نَارُ اللَّهِ

അല്ലാഹുവിൻെറ അഗ്നിയാണത്.

അൽമൂഖദ — الْمُوقَدَةُ

ജ്വലിപ്പിക്കപ്പെട്ട

അല്ലത്തി തത്വലിഉ — الَّتِي تَطَّلِعُ

കത്തിപ്പടരുന്ന

അലൽ അഫ്ഇദ — عَلَى الْأَفْئِدَةِ

ഹൃദയങ്ങളിലേക്ക്

ഇന്നഹാ — إِنَّهَا

തീർച്ചയായും അത്

അലൈഹിം — عَلَيْهِم

അവരുടെ മേൽ

മുഅ്സ്വദ — مُّؤْصَدَةٌ

അടച്ചു മൂടപ്പെടും

ഫീ അമദിൻ — فِي عَمَدٍ

സ്തംബങ്ങളിലായിക്കൊണ്ട്

മുമദ്ദദ — مُّمَدَّدَةٍ

നീട്ടിയുണ്ടാക്കപ്പെട്ട

വിശദീകരണം:

---

وَيْلٌ لِّكُلِّ هُمَزَةٍ لُّمَزَةٍ വൈലുൻ ലി കുല്ലി ഹുമസത്തില്ലുമസ

ആക്ഷേപിക്കുകയും കുറ്റം പറയുകയും ചെയ്യുന്നവർക്കൊക്കെയും നാശം.

---

*വൈലുൻ* എന്ന വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത് നാശം, ശിക്ഷ, ശാപം, നിന്ദ്യത തുടങ്ങിയ നീചമായ അവസ്ഥകളാണ്. അതോടൊപ്പം നരകത്തിലെ പ്രത്യേക ഭാഗമാണെന്ന അഭിപ്രയക്കാരും പണ്ഡിതന്മാരിലുണ്ട്.

*ഹുമസത്തില്ലുമസ* എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ജനത്തെ നിന്ദിക്കുകയും പുഛിക്കുകയും ചെയ്യുന്ന മോശപ്പെട്ട സ്വഭാവത്തെയാണ് ആളുകളെ സമൂഹത്തിനു മുമ്പിൽ വെച്ച് വഷളാക്കുക, അവരുടെ അഭാവത്തിൽ അവരെ ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുക, ചീത്തപ്പേരുകൾ വിളിക്കുക, കൂട്ടുകാർ തമ്മിൽ അകലുവാൻ അവർക്കിടയിൽ പ്രശ്നങ്ങൾ ഉണ്ടാക്കുക തുടങ്ങിയവയൊക്കെ അക്കൂട്ടത്തിൽ

പെടും. ഇത് ഒരു തരം രോഗമാണ്. അത്തരക്കാരെ പ്രവാചകൻ മുഹമ്മദ് സൃഷ്ടി
കളിൽ ഏറെ നീചർ എന്നാണ് വിശേഷിപ്പിച്ചത്. അത്തരക്കാർ തങ്ങളുടെ ചെയ്തി
കൾ കൊണ്ട് ഉദ്ദേശിക്കുന്നത് തങ്ങൾ സമൂഹമനസ്സിൽ ഉന്നതരും വലിയവരുമാ
ണെന്ന് വരുത്തിത്തീർക്കലാകാം. അഥവാ അവരുടെ മനാസിക സംതൃപ്തിയാവാം.
പക്ഷേ, സ്വയം പരിഹാസ്യരാകുന്നതോടൊപ്പം ദൈവത്തിങ്കൽ അവർ വളരെ നികൃഷ്
ടരായ ആളുകളുടെ കൂട്ടത്തിലാണ്.

തങ്ങൾ അത്തരം ചെയ്തികൾക്ക് അവകാശികളാണ് എന്ന നിലയും ചിലരെ
സംബന്ധിച്ചിടത്തോളം ഉണ്ടായേക്കാം. ചിലർ തറവാടിത്തത്തിൻെറയും കുലത്തിൻെറ
യും മഹിമയിലാണ് ഈ സ്വഭാവം പ്രകടിപ്പിക്കുന്നതെങ്കിൽ ചിലർ താല്ക്കാലികമായി
കൈവന്ന സമ്പത്തിൻെറ പേരിലാകാം അത്തരം ശീലങ്ങൾ പ്രകടിപ്പിക്കുന്നത്. ഇവി
ടെ അടിസ്ഥാനപരമായി മനസ്സിലാക്കേണ്ട ചില സംഗതികളുണ്ട്.

ധനം അടക്കമുള്ള ഭൗതികവിഭവങ്ങളുടെ പിൻബലത്തിൽ സ്വയം ഉദ്ധതനാകുന്നത്
ഒരുതരം സങ്കുചിതത്വമാണ്. ഭൗതികവിഭവങ്ങളൊന്നും സ്ഥായിയല്ല, അവ നശിക്കു
ന്നതാണ്. അവയുടെ പേരിൽ സ്വയം അഹങ്കരിക്കുന്നത് വിവരക്കേടാണ്. ഭൗതിക
വിഭങ്ങളുടെ ഉടമ ഏകദൈവമാണ്. അവൻ ഉദ്ദേശിക്കുന്ന കാലം മാത്രം ഉദ്ദേശിക്കു
ന്നവർക്ക് അത് ലഭിക്കും.

ഭൗതികവിഭവങ്ങളുടെ അടിസ്ഥാനത്തിൽ ജനത്തിൻെറ സാമൂഹികമാനവും
സ്ഥാനവും നിർണയിക്കുന്നതും അവരെ പ്രയാസപ്പെടുത്തുന്നതും അവിവേകമാണ്.
അതിനാൽ ഭൗതികവിഭവങ്ങളുടെയൊന്നിൻെറ പേരിലും ദൈവികവിരുദ്ധവും മാനു
ഷികമല്ലാത്തതുമായ പ്രവണതകൾ സ്വയം കൈക്കൊള്ളുന്നത് അവിവേകവും
സ്വന്തം വ്യക്തിത്വത്തെ സമൂഹത്തിൻെറ മുമ്പിൽ ചെറുതാക്കലുമാകുന്നു. ദൈവത്തി
ങ്കലാകട്ടെ അവരുടെ പരിണതി ഏറെ നിരാശാജനകവുമായിരിക്കും. കാരണം ജന
ത്തെ ശാരീരികമായും മാനസികമായും പ്രയാസപ്പെടുത്തുന്നതും വേദനിപ്പിക്കു ന്നതും
ദൈവത്തിങ്കൽ ഏറെ ഗൗരവമുള്ള കാര്യമാണ്. വിട്ടുവീഴ്ചയും സമഭാവനയുമല്ലാതെ
ആർക്കും ഒരാളുടെ മേലും അന്യായമായി മേധാവിത്തം പുലർത്താനുള്ള അവകാശം
ദൈവം നല്കിയിട്ടില്ല. അത്തരം സ്വഭാവം അവരുടെ വ്യക്തിത്വത്തിൻെറ ഭാഗമെ
ന്നോണം രൂഢമൂലമാകാനുള്ള കാരണം ചിലപ്പോൾ ധനമാവാം, തറവാടിത്തമാകാം
എന്ന സംഗതി സൂചിപ്പിക്കുകയുണ്ടായി. സാമ്പത്തികമായി ഔന്നിത്യം പുലർത്തുകയും
സത്യത്തെ നിരാകരിക്കുകയും ചെയ്തിരുന്ന പല സമുദായങ്ങളും ദൈവികശിക്ഷക്ക്
വിധേയയരായതായി ഖുർആൻ പ്രതിപാദിക്കുകയുണ്ടായി. ഖുർആൻ അവരെ സംബ
ന്ധിച്ച് ആക്ഷേപപൂർവം പരാമർശിച്ച വിഷയവും അതത്രെ:

---

الَّذِي جَمَعَ مَالًا وَعَدَّدَهُ അല്ലദീ ജമഅ മാലൻ വഅദ്ദദഹു

ധനം ശേഖരിക്കുകയും എണ്ണിയെണ്ണി കണക്കാക്കുകയും ചെയ്യുന്നവരത്രെ അവർ.

---

ധനപൂജയും ലുബ്ധും അത്തരം ആളുകളുടെ സ്വഭാവമായിരിക്കും. സത്യത്തെ
അംഗീകരിക്കാനുള്ള ധാർമികബോധം അവരിൽ പേരിനുപോലും ഉണ്ടാവുകയില്ല.
ധനം അധികമുണ്ടെന്നതിൻെറ പേരിൽ സമൂഹത്തിൽ അനർഹമായ സ്ഥാനം നേടി
യെടുക്കണമെന്ന ചിന്തയിലായിരിക്കും അവർ. ഏതെങ്കിലും വിധത്തിൽ സമൂഹം ത
ങ്ങളുടെ നേരെ തിരിയുകയും തങ്ങളുടെ ചൊല്പടിക്ക് നില്ക്കണമെന്നുമുള്ള
മോഹത്തിലായിരിക്കും അവർ. അവരുടെ ധനമാകട്ടെ സ്വന്തത്തിനോ മറ്റുള്ളവർക്കോ
ഒരുവിധത്തിലുള്ള ഉപകാരവും ചെയ്യുകയില്ല.

---

يَحْسَبُ أَنَّ مَالَهُ أَخْلَدَهُ യഹ്സബു അന്ന മാലഹു അഖ്ലദഹു

തൻെറ ധനം തനിക്ക് ശാശ്വത ജീവിതം നല്കിയിരിക്കുന്നെന്ന് അവർ കരുതുന്നു.

---

മേൽപറഞ്ഞ സ്വഭാവമുള്ള ആളുകളുടെ തെറ്റിധാരണയിലേക്കാണ് ഈ വചനം
സൂചന നല്കുന്നത്. ധനത്തെ സംബന്ധിച്ച അവൻെറ ധാരണ അതവനെ നിത്യ
ജീവനുള്ളവനാക്കിമാറ്റും എന്നാണ്. മുൻകഴിഞ്ഞ പല സമുദായങ്ങളും അങ്ങനെയാ
യിരുന്നു ധരിച്ചിരുന്നതെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

“നാം ശരീരശക്തിയാലും ധനത്താലും ഏറെ പ്രബലരാണ്. നാം കാലവിപത്തിന് വിധേയരാകുകയില്ല” എന്ന അത്തരക്കാർ വീമ്പിളക്കിയിരുന്നു. ഖുർആൻ അധ്യായം 18 മുതൽ 32 മുതൽ 42 വരെയുള്ള ഭാഗങ്ങളിൽ ധിക്കാരിയായ ഒരാളുടെ കഥ വിവരിക്കുന്നുണ്ട്. തൻെറ ധനാധിക്യം കാരണം ധിക്കാരിയായ അയാൾ കൂട്ടുകാര നോട് പറഞ്ഞ വാചകം ഇതത്രെ: ഒരിക്കലും ഇവയൊന്നും നശിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അന്ത്യനാളും നിലവിൽ വരുമെന്ന് ഞാൻ വിചാരിക്കുന്നില്ല.”

ഓരോ സമൂഹത്തിലും ഈ രീതിയിലുള്ള ധനപൂജയും ദൈവധിക്കാരവും രൂഢ മൂലമായ മനസ്സുള്ളവരെ കാണാനാകും.

തൻെറ ധനം തന്നെ നിത്യജീവനാക്കുമെന്ന അവൻെറ കണക്ക് കൂട്ടലുകൾ പലവിധത്തിലാവാം. ഒന്നുകിൽ താൻ ധനാഢ്യനാകയാൽ മരണവും കാലവിപത്തും എനിക്ക് ബാധകമല്ല എന്ന തെറ്റിധാരണയാകാം അത്. അല്ലെങ്കിൽ മരണത്തെ സംബന്ധിച്ച ചിന്തയില്ലാത്തവനും അതിനാൽ തന്നെ തെറ്റുകുറ്റങ്ങൾ ചെയ്യുന്നതിൽ യാതൊരു വൈമനസ്യമില്ലാത്തവനുമാകാം. അതുമല്ലെങ്കിൽ ധനം ഏത് വിധേനയും സമ്പാദിക്കുകയും മനസ്സും വ്യയവും അതുമായി ബന്ധപ്പെട്ട കാര്യത്തിൽ മാത്രം മുഴുകുകയും ചെയ്യുക വഴി ഈ ലോകത്തെ തൻെറ ജീവിതദൈർഘ്യത്തെ സംബ ന്ധിച്ച ബോധമില്ലാത്ത അവസ്ഥയിലേക്ക് അധഃപതിച്ചതുമാകാം - അല്ലാഹു വത്രെ ഏറെ അറിയുന്നവൻ.

അതോടൊപ്പം കൂട്ടിവായിക്കേണ്ട ചില സാമൂഹികവിഷയങ്ങളുണ്ട്. ധനത്തിൻെറ പിൻബലത്തിൽ നാട്ടിൽ അഴിഞ്ഞാടുകയും കൂലികൊലയാളികളെ ഉപയോഗപ്പെടുത്തി പ്രതിയോഗികളെ കൊലപ്പെടുത്തുകയും ചെയ്യുന്ന കിരാതരീതിയും ഈ പരാമർ ശത്തോട് കൂട്ടി വായിക്കേണ്ടതാണ്.

---

كَلَّا لَيُنبَذَنَّ فِي الْحُطَمَةِ കല്ലാ ലയുമ്പദന്ന ഫിൽ ഹുത്വമ

നിസ്സംശയം, അവൻ ഹുത്വമയിൽ എറിയപ്പെടുക തന്നെ ചെയ്യും.

---

കല്ലാ എന്ന് ഇവിടെ പ്രയോഗിച്ചത് പ്രത്യേകമായ ഒരു കാര്യത്തെ നിഷേധിക്കു കയും അനിവാര്യമായും സംഭവിക്കേണ്ടുന്ന ഒരു സംഗതിയുടെ ആഗമനത്തെ സൂചി പ്പിക്കുകയും ചെയ്യാനാണ്. അഥവാ, ഒരു സംഗതിയെ സ്ഥാപിക്കാൻ നിലവിലുള്ള ധാരണയെ ശക്തിയായി തിരുത്തുന്നതിനാണ് കല്ലാ എന്നു പ്രയോഗിക്കാറുള്ളത്.

തൻെറ ധനം തന്നെ നിത്യനാക്കിത്തീർക്കും, തനിക്ക് കാലക്കെടുതിയോ മരണ മോ സംഭവിക്കുകയില്ല എന്നൊക്കെ ധനത്തിൻെറ പിൻബലത്തിൽ ധരിച്ചുവശാ വുകയും ആ നിലയിലുള്ള ജീവിതരീതികൾ സമൂഹത്തിൽ വെച്ചുപുലർത്തുകയും ചെയ്യുന്നവരോട് പറയുന്നു, നിങ്ങളുടെ ധാരണകളെല്ലാം അബദ്ധജടിലങ്ങളാകുന്നു. ധനം നിങ്ങളെ ഒരിക്കലും ശാശ്വതരാക്കുകയോ അത് എന്നെന്നും നിങ്ങളോടൊപ്പം നിലനില്ക്കുകയോ ഇല്ല. നിങ്ങൾ മരിക്കും, ഈ ധനവും നശിക്കും. അതിനാൽ ധന ത്തിൻെറ അഹങ്കാരത്തിൽ ഇത്തരം സമീപനമാണ് നിങ്ങൾ മേലിലും വെച്ചുപുലർ ത്തുന്നതെങ്കിൽ നിങ്ങളെ മരിപ്പിക്കുകയും ഹുത്വമയിൽ എറിയുകയും ചെയ്യും. ഇക്കാ ര്യം സ്ഥാപിച്ചു പറയാനാണ് ഇവിടെ കല്ലാ അതായത് നിസ്സംശയം എന്ന ചേർ ത്തുപറഞ്ഞത്.

“ലയുമ്പദന്ന” എന്ന വാക്കിലും കാണാം ഈ ഉറപ്പിൻെറ പ്രത്യേയങ്ങൾ. തുടക്ക ത്തിലുള്ള “ല”, അവസാനത്തിലുള്ള “ന്ന” എന്ന രണ്ടു പ്രത്യേയങ്ങളും ഈ ഉറപ്പിനെ സൂചിപ്പിക്കാനാണ് ഉപയോഗിച്ചത്. അത് സത്യം ചെയ്തു പറയുന്നതിന് തുല്യമാണ്. “നബദ” എന്നാണ് വാക്ക്. ഒരു സംഗതിയെ അതിനീചമായോ അതിനിസ്സാരമായോ കണക്കാക്കി എറിഞ്ഞുകളയുന്നതിനെയാണ് നബദ എന്ന് അറബിയിൽ പറയുന്നത്. അതായത്, ധനം തന്നെ സർവം, അതിനു വേണ്ടിയാണ് ജീവിക്കേണ്ടത്, അത് തൻെറ കൈവശമുള്ളതിനാൽ ഇവിടെ തനിക്ക് യഥേഷ്ടം ജീവിക്കാം, അതില്ലാ ത്തവർ തന്നെ ആശ്രയിച്ചുജീവിക്കട്ടെ, അവരോട് എങ്ങനെ വേണമെങ്കിലും എനിക്ക് പെരുമാറാം, അവരൊക്കെ പണമില്ലാത്ത നിസ്സാരന്മാരും തൻെറ ആശ്രിതരുമാണ് എന്ന് അഹങ്കരിച്ചു ഭൂമിയിൽ തൻെറ സ്രഷ്ടാവിന് വിരോധമായതെല്ലാം ചെയ്തു ജീവിച്ചവരെ അന്ത്യനാളിൽ ദൈവം അതിനീചരായി കണക്കാക്കി ചുരുട്ടി നരകത്തി

ലേക്ക് എറിഞ്ഞുകളയും എന്നാണ് ഈ വാക്കിന്റെ പൊരുൾ. അവരോടൊപ്പം അവരുടെ അഹങ്കാരത്തിന് നിമിത്തമായിരുന്ന അവരുടെ ഭൗതിക ധാടിയും മോടിയും ധനവും അതിൽ എറിഞ്ഞുകളയുന്നതാണ്

"ഹുത്വമ" എന്നത് ദൈവത്തിന്റെ നരകത്തിലെ ഒരു താവളത്തിന്റെ പേരാണ്. അവിടെ എറിയപ്പെടുന്ന എന്തിനെയും അത് ഛിന്നഭിന്നമാക്കിക്കളയും. അതിനാലാണ് ആ നാമം ലഭിച്ചത്. നരകത്തിലെ അതിമാരകമായ ഭാഗവുമാകാം അത്. (അല്ലാഹുവാണ് ഏറെ അറിയുന്നവൻ).

---

وَمَآ أَدْرَاكَ مَا الْحُطَمَةُ വമാ അദ്റാക മൽ ഹുത്വമ?

"ഹുത്വമ" എന്നാൽ എന്താണെന്ന് നിനക്കെന്തറിയാം?

---

"വമാ അദ്റാക?" നിനക്കെന്തറിയാം എന്നർഥം. ഒരു കാര്യത്തിലെ ഭയാനകതയെ സൂചിപ്പിക്കാനാണ് ഖുർആൻ ഈ ശൈലി സ്വീകരിച്ചിട്ടുള്ളത്. ആ ചോദ്യം ചോദ്യകർത്താവിന്റെ മനസ്സിലേക്കിട്ട് അടുത്ത വചനത്തിൽ അതിന്റെ ഉത്തരവും നല്കുന്നു. അതായത്, അനുവാചകനെ സംഗതിയുടെ ഭയാനകത ബോധ്യപ്പെടുത്താൻ ഏറെ ഉപയുക്തമായ ശൈലിയാണത്. മലയാളത്തിലും കാണാമല്ലോ ഇത്തരം ശൈലി.

ഹുത്വമ എന്നാൽ എന്താണെന്ന് നിനക്കെന്തറിയാം എന്ന ചോദ്യത്തിനു പിന്നിലുള്ള ഭയാനകത ദൈവത്തെ സംബന്ധിച്ച് അല്പമെങ്കിലും വിശ്വാസവും അവന്റെ കഴിവിൽ ബോധ്യവും ഉള്ളവരെ മാനസികമായി പിടികൂടുന്ന വിധത്തിലുള്ളതുകൂടിയാണ്. അതുവരെ നരകത്തെ സംബന്ധിച്ചും സ്വർഗത്തെ സംബന്ധിച്ചും ധാരണ മാത്രം വെച്ചുപുലർത്തിയിരുന്ന ജനവർഗത്തോടുള്ള ഈ ചോദ്യം അവരെ- ചെറിയ വിഭാഗത്തെയെങ്കിലും- ചിന്തയുടെയും വീണ്ടുവിചാരത്തിന്റെ പുതിയ ഭാവങ്ങളിലേക്ക് കൊണ്ടു പോകും.

ഈ ചോദ്യത്തെ തുടർന്ന് അത് ഉത്തരവും നല്കുന്നു:

---

نَارُ اللَّهِ الْمُوقَدَةُ നാറുള്ളാഹിൽ മൂഖദ

അല്ലാഹുവിന്റെ കത്തിക്കപ്പെട്ട അഗ്നിയാകുന്നു.

---

നരകത്തെ അല്ലാഹുവുമായി അപൂർവമായാണ് ചേർത്തുപറഞ്ഞിട്ടുള്ളത്. ചില കാര്യങ്ങൾ അതിൽനിന്ന് നമുക്ക് മനസ്സിലാക്കാം.

ഒന്ന്, ഈ പരാമർശം കേവലം തമാശയായി പറഞ്ഞതല്ല. ഗൗരവുള്ള കാര്യം തന്നെയാണ്.

രണ്ട്, ധനത്തോട് ആരോഗ്യപരമല്ലാത്ത രീതിയിൽ സമീപിക്കുകയും അതിന്റെ പേരിൽ അഹങ്കരിക്കുകയും ജനത്തെ പ്രയാസപ്പെടുത്തുകയും ചെയ്യുന്നത് ദൈവം ഏറെ കോപത്തോടെയും ഗൗരവത്തോടെയുമാണ് കാണുന്നത്.

മൂന്ന്, ആ കഠിനപാതകത്തിന് പരമാവധി നല്കാവുന്ന ശിക്ഷയാണ് അവൻ കരുതിവെച്ചിട്ടുള്ളത്. അതിനാൽ അവൻ നരകത്തെ തന്റെ നരകമായി എടുത്തുപറഞ്ഞു. അതായത്, അതിൽനിന്നൊരിക്കലും അവർ രക്ഷപ്പെടാൻ പോകുന്നില്ല.

---

الَّتِي تَطَّلِعُ عَلَى الْأَفْئِدَةِ അല്ലതീ തത്ത്വലിഉ അലൽ അഫ്ഇദ

ഹൃദയങ്ങളിലേക്ക് കത്തിപ്പടരുന്നതായ (നരകം)

---

തത്ത്വലിഉ എന്ന വാക്ക് മുകളിലെത്തുക, കയറുക തുടങ്ങിയ അർഥങ്ങളിലാണ് പ്രയോഗിക്കപ്പെടുന്നത്. ഇവിടെ ഉദ്ദേശ്യം എത്തുക എന്നതാണ്. അതായത്, മനുഷ്യരുടെ ചിന്താഗതികളും വിചാരങ്ങളും രൂപപ്പെടുന്നതും രഹസ്യങ്ങൾ ഒളിപ്പിച്ചുവെക്കുന്നതുമായ ഹൃദയത്തിലേക്ക് ആ നരകത്തിന്റെ ജ്വാല എത്തും എന്നാണ്.

അഫ്ഇദ എന്ന വാക്ക് ബഹുവചനമാണ്. അതിന്റെ ഏകവചനമാണ് ഫുആദ്. ഹൃദയം എന്നർഥം. ഖൽബ് എന്നാണ് ഹൃദയമെന്ന അവയവത്തിന് സാധാരണ പറയുന്നത്. ഫുആദ് എന്ന നാമം കേവലം ഹൃദയമല്ല, മനുഷ്യരുടെ വികാരങ്ങളെക്കൂടി

ഉൾക്കൊള്ളുന്ന അവസ്ഥക്കാണ് ആ പദം ഉപയോഗിക്കുന്നത്. ഉദ്ദേശ്യമിതാണ്: മനുഷ്യൻ തൻെറ ജീവിതകാലത്ത് ദൈവികവിരുദ്ധമായി എന്തെല്ലാം ചിന്തകൾക്ക് രൂപം കൊടുക്കുകയും അതിൻെറ പിൻബലത്തിൽ ദൈവധിക്കാരപരമായ എന്തെല്ലാം ഭാവങ്ങളിൽ ജീവിക്കുകയും ഏതെല്ലാം വിധത്തിലുള്ള തെറ്റുകുറ്റങ്ങൾ ചെയ്യുകയും ചെയ്തുവോ അതിനെല്ലാം അവന് ശക്തമായ ഉപാധിയായി വർത്തിച്ച അവൻെറ മനസ്സിനെ കരിച്ചുകളയും വിധം നരകം അവിടെ കടന്നെത്തും എന്നാണ്. ആ ഹൃദയം കൊണ്ടായിരുന്നല്ലോ ദൈവികവിരുദ്ധമായ സകല ചിന്താധാരകൾക്കും പദ്ധതി നല്കിയിരുന്നത്.

മനുഷ്യശരീരത്തിൻെറ മുഴുവൻ ഭാഗങ്ങളും നരകം തിന്നും. കൂടുതൽ തെറ്റ് ചെയ്ത ശരീരാവയവത്തിന് കൂടുതൽ കഠിന ശിക്ഷയായിരിക്കും ലഭിക്കുക. ഹൃദയത്തിൽ എത്തും എന്നുപറയാൻ കാരണവും ശിക്ഷയുടെ കാഠിന്യത്തെ സൂചിപ്പിക്കുവാനാണ്. ഹൃദയത്തിൽ അഗ്നി പ്രവേശിക്കുന്നതോടെ അയാൾ മൃതിയടയേണ്ടതാണ്. പക്ഷേ, അവിടെ അവർ ഒരിക്കലു മരിക്കുന്നില്ല. ശിക്ഷ വീണ്ടും ആവർത്തിക്കപ്പെടുന്നു. ഓരോരുത്തരുടെയും ശിക്ഷയുടെ തോതനുസരിച്ച ശിക്ഷ ഓരോരുത്തർക്കും ലഭിക്കേണ്ടതുണ്ട്.

---

إِنَّهَا عَلَيْهِم مُّؤْصَدَةٌ ഇന്നഹാ അലൈഹിം മുഅ്സ്വദ

തീർച്ചയായും അത് അവരുടെ മേൽ അടച്ചുമൂടപ്പെടും.

---

നരകാവകാശികളെ നരകത്തിലെറിഞ്ഞാൽ നരകം മൂടിക്കളയും. ഒരു ദ്വാരം പോലും എവിടെയും അവശേഷിക്കാത്ത വിധത്തിലായിരിക്കും അതിൻെറ മൂടി. അതിൽനിന്ന് ഒരു കുട്ടിക്കും രക്ഷപ്പെടാനാകാത്ത വിധം ഭദ്രമായിട്ടായിരിക്കും അത്. ഇതേ കാര്യമാണ് ഖുർആൻ 90-ാം അധ്യായം അവസാനത്തെ വചനത്തിലും ആവർത്തിച്ചിട്ടുണ്ട്.

ഭദ്രമായ അടപ്പിനാണ് മുഅ്സ്വദ എന്നു പറയുന്നത്. ഒട്ടും വെളിച്ചമോ മറ്റോ പ്രവേശിക്കാത്ത വിധം ഭദ്രമായിരിക്കും അത്. ഒരു കണ്ണിനും ഉൾക്കൊള്ളാൻ കഴിയാത്ത വിധം ഭയാനകമായിരിക്കും അപ്പോഴത്തെ അതിൻെറ ഭാവവും രൂപവും.

---

فِي عَمَدٍ مُّمَدَّدَةٍ ഫീ അമദിൻ മുമദ്ദദ

നീട്ടിയുണ്ടാക്കപ്പെട്ട സ്തംബങ്ങളിലായിക്കൊണ്ട്

---

അമദ് എന്ന പദം കൊണ്ട് അർഥമാക്കുന്നത് തൂണുകളെയാണ്. അതിന് പല വിവക്ഷകളുമാകാം. നരകാവകാശികളെ നരകത്തിൽ എറിഞ്ഞതിനു ശേഷം അവർ രക്ഷപ്പെടാതിരിക്കാൻ അവരെ നീണ്ട തൂണുകളിൽ ചങ്ങലകൾ കൊണ്ട് ബന്ധിക്കുന്നതിനെയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അല്ലെങ്കിൽ നരകം അടച്ചതിന് ശേഷം അതിനെ തൂണുകൾകൊണ്ട് ഉറപ്പിക്കുന്നതിനെ സംബന്ധിച്ചുമാകാം. ആദ്യത്തെതാണ് ഇവിടെ കൂടുതൽ പ്രബലമായിട്ടുള്ളത്. നീണ്ട തൂണുകൾക്കാണ് അമദുൻ മുമദ്ദദ എന്നു പറയുന്നത്.

അവരെ ചങ്ങലകൾകൊണ്ട് നീണ്ട തൂണുകളിൽ ബന്ധിക്കുകയും നരകത്തിന് ഒരു ദ്വാരവുമില്ലാത്ത വിധം അടച്ചുപൂട്ടുകയും ചെയ്താൽ പിന്നെ എല്ലാവിധ സംസാരവും അവസാനിക്കും. നരകക്കാരുടെ ആർപ്പുവിളികൾ മാത്രം അവിടെ കേൾക്കാം. അല്ലാഹു സ്വർഗക്കാരുടെ കാര്യത്തിൽ ശ്രദ്ധാലുവാകും. (അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ.)

ഏതായാലും പരമ്പരാഗതമായോ സ്വയം അധ്വാനിച്ചോ ഏതു വിധേനയായാലും ഒരുവൻെറ കൈവശമുള്ള സ്വത്ത് അവൻെറ സാമർഥ്യം കൊണ്ട് ലഭിക്കുന്നതല്ല, ഒരു പരീക്ഷണാർഥം ദൈവം നല്കുന്നതാണ്. അതിൻെറ പേരിൽ അഹങ്കരിക്കാനും ദൈവവിസ്മൃതിയിൽ അകപ്പെടുവാനും മറ്റുള്ളവരുടെ മേൽ ആധിപത്യം ചെലുത്താനും മനുഷ്യന് അവകാശമില്ല. അതിൻെറ അനന്തരഫലം നാം അംഗീകരിച്ചാലും ഇല്ലെങ്കിലും വേദനാജനകമായിരിക്കും.